REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** **24-04-2026** **സമയം** **12.30 PM**

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. പാലക്കാട്, കൊല്ലം, തൃശൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രത.**
- **പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ശാക്തീകരണത്തിന് 7,981 കോടി രൂപ വിതരണം ചെയ്തതായി കേന്ദ്ര മന്ത്രി ഡോ. വീരേന്ദ്ര കുമാർ.**
- **മാലദ്വീപിന് സാമ്പത്തിക പിന്തുണയായി ഇന്ത്യ 3,000 കോടി രൂപയുടെ കറൻസി സ്വാപ്പ് അനുവദിച്ചു.**
- **ശബരിമല ക്ഷേത്രത്തിന് മുകളിലൂടെ സൈനിക ഹെലികോപ്റ്റർ പറന്ന സംഭവത്തിൽ, അന്വേഷണത്തിന് ഉത്തരവ്.**
- **ISL ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, FC ഗോവയെ നേരിടും.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. ഉഷ്ണതരംഗ സാധ്യത കണക്കിലെടുത്ത് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് വിവിധ ജില്ലകളിൽ ഓറഞ്ച്, മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. പാലക്കാട്, കൊല്ലം, തൃശൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും, ഇടുക്കിയും വയനാടും ഒഴികെ മറ്റ് പത്ത് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്.

പാലക്കാട് ജില്ലയിൽ താപനില 41 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം, തൃശൂർ ജില്ലകളിൽ 40 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ട്. കോട്ടയം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട് ജില്ലകളിൽ 38 ഡിഗ്രി വരെയും

ആലപ്പുഴ, മലപ്പുറം, കണ്ണൂർ, കാസർകോട് ജില്ലകളിൽ 37 ഡിഗ്രി വരെയും താപനില വർധിച്ചേക്കാം. തിരുവനന്തപുരത്ത് 36 ഡിഗ്രി സെൽഷ്യസാണ് പ്രതീക്ഷിക്കുന്ന താപനില.

സൂര്യാഘാത സാധ്യത നിലനിൽക്കുന്നതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ദുരന്തനിവാരണ അതോറിറ്റി നിർദേശിച്ചു.

✪✪✪

പാലക്കാട് ജില്ലയിൽ കടുത്ത ചൂട് തുടരുന്നു. രണ്ടാഴ്ചയിലേറെയായി സംസ്ഥാനത്ത് ഏറ്റവും ചൂട് കൂടുതൽ അനുഭവപ്പെടുന്നത് ജില്ലയിലാണ്.

ബുധനാഴ്ച 41.3 ഡിഗ്രി സെൽഷ്യസും വ്യാഴാഴ്ച 41.1 സെൽഷ്യസുമാണ് രേഖപ്പെടുത്തിയ കൂടിയ താപനില. ഇന്നും ജില്ലയിൽ ചൂട് 41 ഡിഗ്രിയിൽ കൂടുതൽ ഉയരുമെന്നാണ് മുന്നറിയിപ്പിനെ തുടർന്ന് ഓറഞ്ച് ജാഗ്രതയാണ് പ്രഖ്യാപിച്ചിരിക്കുന്നത്.

പാലക്കാട്ട് നിന്നും ഫൈസൽ അലിമുത്ത് .....

.............(വോയ്സ്).......

✪✪✪

കടുത്ത ചൂടിനെത്തുടർന്ന് സംസ്ഥാനത്തെ അങ്കണവാടികളിലെ പ്രീ സ്കൂൾ പ്രവർത്തനം ഒരാഴ്ചത്തേക്ക് നിർത്തിവയ്ക്കാൻ വനിത ശിശുവികസന വകുപ്പ് തീരുമാനിച്ചു. ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ആരോഗ്യ വകുപ്പിന്റെയും ജാഗ്രതാ നിർദേശത്തെ തുടർന്നാണ് നടപടി.

അങ്കണവാടികളുടെ മറ്റ് പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടക്കും. കുട്ടികൾക്ക് പോഷകാഹാരം ഈ ദിവസങ്ങളിൽ വീടുകളിൽ എത്തിച്ചു നൽകുമെന്നും അധികൃതർ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ഇന്ന് ചിലയിടങ്ങളിൽ മഴയ്ക്കോ, ഇടിയോടുകൂടിയ മഴയ്ക്കോ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റ് വീശാനും സാധ്യതയുണ്ട്. ലക്ഷദ്വീപിൽ വരണ്ട കാലാവസ്ഥ അനുഭവപ്പെടും. മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക മുന്നറിയിപ്പുകളില്ല.

✪✪✪

2025-26 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 75 ലക്ഷത്തോളം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ശാക്തീകരണത്തിനായി 7,981 കോടി രൂപ ഗവൺമെന്റ് വിതരണം ചെയ്തതായി കേന്ദ്ര മന്ത്രി ഡോ. വീരേന്ദ്ര കുമാർ അറിയിച്ചു. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് തുല്യനീതിയും വികസനവും ഉറപ്പാക്കുന്ന ഗവൺമെന്റിന്റെ പ്രതിബദ്ധതയുടെ ഭാഗമാണ് നടപടിയെന്ന് അദ്ദേഹം വ്യക്തമാക്കി.

OBC വിഭാഗങ്ങൾ, മുതിർന്ന പൗരന്മാർ, ട്രാൻസ്ജെൻഡർ വ്യക്തികൾ, ശുചീകരണ തൊഴിലാളികൾ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ എന്നിവരുടെ ഉന്നമനത്തിന് വിവിധ ക്ഷേമപദ്ധതികൾ മന്ത്രാലയം നടപ്പിലാക്കുന്നുണ്ടെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

✪✪✪

മാലദ്വീപിന് സാമ്പത്തിക പിന്തുണയുമായി ഇന്ത്യ 3,000 കോടി രൂപയുടെ കറൻസി സ്വാപ്പ് അനുവദിച്ചു. സാർക്ക് കറൻസി സ്വാപ്പ് ചട്ടക്കൂടിന് കീഴിലെ ആദ്യ ഗഡുവായാണ് ഈ തുക കൈമാറുന്നത്. 2024 ഒക്ടോബറിൽ മാലദ്വീപ് പ്രസിഡന്റ് മുഹമ്മദ് മുയിസ്സുവിന്റെ ഇന്ത്യ സന്ദർശന വേളയിൽ, റിസർവ് ബാങ്കും മാലദ്വീപ് ഗവൺമെന്റും തമ്മിലുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിലാണ് നടപടി.

ഒക്ടോബറിൽ അനുവദിച്ചിരുന്ന 400 മില്യൺ US ഡോളറിന്റെ സാമ്പത്തിക സഹായം മാലദ്വീപ് തിരിച്ചടച്ചതിന് പിന്നാലെയാണ് പുതിയ തുക അനുവദിച്ചത്.

2012 മുതൽ ഇതുവരെ 1.1 ബില്യൺ US ഡോളറിലധികം തുകയുടെ സ്വാപ്പ് സഹായം, ഇന്ത്യ മാലദ്വീപിന് നൽകിയിട്ടുണ്ട്.

✪✪✪

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഇറാനിലേക്ക് വ്യോമ-കര മാർഗങ്ങൾ വഴി യാത്ര ചെയ്യുന്നത് ഒഴിവാക്കണമെന്ന് ടെഹ്റാനിലെ ഇന്ത്യൻ എംബസി പൗരന്മാർക്ക് കർശന നിർദേശം നൽകി. മേഖലയിലെ സംഘർഷങ്ങൾ അന്താരാഷ്ട്ര വിമാന സർവീസുകളെ ബാധിക്കുന്ന സാഹചര്യത്തിലാണ് പുതിയ നിർദേശം പുറപ്പെടുവിച്ചത്.

നിലവിൽ ഇറാനിൽ കഴിയുന്ന ഇന്ത്യൻ പൗരന്മാർ എംബസിയുമായി ബന്ധപ്പെട്ട് നിശ്ചയിക്കപ്പെട്ട കര അതിർത്തികൾ വഴി രാജ്യം വിടണമെന്നും എംബസി വ്യക്തമാക്കി.

✪✪✪

ഇന്ത്യക്കാരെക്കുറിച്ച് മോശം പരാമർശമടങ്ങിയ സാമൂഹിക മാധ്യമ കുറിപ്പ് പങ്കുവെച്ച അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നടപടിക്കെതിരെ ഇന്ത്യ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. പരാമർശങ്ങൾ അവിവേകവും അനുചിതവുമാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ വ്യക്തമാക്കി.

ഇന്ത്യയെയും ചൈനയെയും 'നരകക്കുഴികൾ' എന്ന് വിശേഷിപ്പിക്കുന്ന അമേരിക്കൻ റേഡിയോ അവതാരകന്റെ കുറിപ്പാണ്, ട്രംപ് തന്റെ 'ട്രൂത്ത് സോഷ്യൽ' പ്ലാറ്റ്ഫോമിൽ പങ്കുവെച്ചത്. കുറിപ്പിലെ കാര്യങ്ങൾ വസ്തുതകളുമായി ബന്ധമില്ലാത്തതാണെന്നും, പരസ്പര ബഹുമാനത്തിലും താൽപ്പര്യങ്ങളിലും അധിഷ്ഠിതമായ ഇന്ത്യ-US ബന്ധത്തെ ഇത് പ്രതിഫലിപ്പിക്കുന്നില്ലെന്നും രൺധീർ ജയ്സ്വാൾ പറഞ്ഞു.

വിവാദ പരാമർശം ട്രംപ് പിന്നീട് തിരുത്തിയിരുന്നു.

✪✪✪

ഇന്ന് ദേശീയ പഞ്ചായത്തിരാജ് ദിനം. 1993 ലെ ഭരണഘടനാ ഭേദഗതിയിലൂടെ ഇന്ത്യയിൽ പ്രാദേശിക ഭരണകൂടങ്ങളെ പഞ്ചായത്തിരാജ് സ്ഥാപനങ്ങളായ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് എന്നിങ്ങനെ ത്രിതല സംവിധാനമായി അവതരിപ്പിച്ച ദിവസമാണ് പഞ്ചായത്തിരാജ് ദിനമായി ആചരിക്കുന്നത്.

പഞ്ചായത്തിരാജ് സ്ഥാപനങ്ങളുടെ ശാക്തീകരണം, അവയുടെ ശേഷികൂട്ടൽ എന്നിവയാണ് ദിനാചരണ ലക്ഷ്യം.

✪✪✪

ദേശീയ പഞ്ചായത്തിരാജ് ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനപ്രതിനിധികളെ അഭിനന്ദിച്ചു. പൊതുപ്രവർത്തനത്തിലും രാജ്യം കെട്ടിപ്പെടുത്തുന്നതിലും ജനപ്രതിനിധികൾ വഹിക്കുന്ന പങ്ക് വിലമതിക്കാനാകാത്തതാണെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു .

✪✪✪

പശ്ചിമ ബംഗാളിലെ ആദ്യഘട്ട നിയമസഭാ തെരഞ്ഞെടുപ്പിൽ ആളുകൾ നിർഭയമായി വോട്ടവകാശം വിനിയോഗിച്ചതായി ബംഗാൾ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ മനോജ് കുമാർ അഗർവാൾ പറഞ്ഞു. 90 ശതമാനം പോളിംഗ് രേഖപ്പെടുത്തിയതായും അന്തിമ കണക്ക് പിന്നീട് ലഭ്യമാക്കുമെന്നും അദ്ദേഹം അറിയിച്ചു. ഒരു പോളിംഗ് ബൂത്തിലും അനിഷ്ട സംഭവങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും പോളിംഗ് എവിടെയും തടസ്സപ്പെട്ടില്ലെന്നും മനോജ്കുമാർ

അഗർവാൾ വ്യക്തമാക്കി. വെബ് കാസ്റ്റിംഗ് ക്രമീകരണങ്ങൾ പൂർണ്ണമായും ഫലപ്രദമായിരുന്നു എന്നും മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

തമിഴ്നാട്ടിൽ ഇന്നലെ 85.15 ശതമാനം പോളിംഗ് രേഖപ്പെടുത്തി, റെക്കോർഡ് സൃഷ്ടിച്ചു. രാവിലെ 7 ന് ആരംഭിച്ച ഒറ്റ ഘട്ട വോട്ടെടുപ്പ് രാത്രി ഒമ്പതിന് അവസാനിച്ചു. നിയമസഭാ തെരഞ്ഞെടുപ്പിൽ പോളിംഗ് അവസാനിപ്പിച്ച അവസാന മണ്ഡലം തെങ്കാശിയായിരുന്നു. കരൂർ ജില്ലയിൽ ആകെ 92.63 ശതമാനവും നാല് നിയമസഭാ മണ്ഡലങ്ങളിൽ  90 ശതമാനം വോട്ടും രേഖപ്പെടുത്തി. തിരഞ്ഞെടുപ്പ് ചരിത്രത്തിൽ ആദ്യമായി ചെന്നൈ ജില്ലയിൽ 83.74 ശതമാനവും രേഖപ്പെടുത്തി. ചെന്നൈയിലെ R.K നഗറിൽ 90 ശതമാനത്തിലധികം പോളിംഗ് രേഖപ്പെടുത്തി. മെയ് 4 ന് സംസ്ഥാനത്തെ 62 വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ വോട്ടെണ്ണും.

✪✪✪

പശ്ചിമ ബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ വോട്ടെടുപ്പിന് ശേഷം സുരക്ഷാ നടപടികൾക്കായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ പുതിയ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു. പോളിംഗ് ബൂത്തുകളിൽ സ്ഥാപിച്ച നിരീക്ഷണ ക്യാമറകളും അവയിലെ വീഡിയോ ഡാറ്റയും കൈകാര്യം ചെയ്യുന്നതിലും കർശന പ്രോട്ടോക്കോൾ ഏർപ്പെടുത്തിയിട്ടുണ്ട്.

പുതിയ നിർദേശപ്രകാരം വോട്ടെടുപ്പ് അവസാനിച്ചാലുടൻ ക്യാമറകളിലെ SD കാർഡുകൾ നീക്കം ചെയ്യാൻ പാടില്ല. ഉദ്യോഗസ്ഥർക്ക് ക്യാമറകൾ മാത്രമേ അഴിച്ചുമാറ്റാൻ അനുവാദമുള്ളൂ. തുടർന്ന് ഈ ക്യാമറകൾ സെക്ടർ ഓഫീസറുടെ മേൽനോട്ടത്തിലും സുരക്ഷയിലും സൂക്ഷിക്കണമെന്നും കമ്മീഷൻ വ്യക്തമാക്കി. വോട്ടെടുപ്പ് പ്രക്രിയയുടെ സുതാര്യതയും ഡാറ്റാ സുരക്ഷയും ഉറപ്പാക്കാനാണ് ഈ നടപടി.

✪✪✪

പശ്ചിമബംഗാളിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട പ്രചാരണത്തിനെത്തുന്ന,
മുതിർന്ന BJP നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി  ബരൂയ്പൂരിൽ ഇന്ന് റാലിയിൽ പങ്കെടുക്കും.  പാർട്ടി  നേതാവും ആഭ്യന്തര മന്ത്രിയുമായ അമിത്ഷാ ഉച്ചകഴിഞ്ഞ് ഹിങ്കൽഗഞ്ചിലെയും, കൊൻനഗറിലെയും തിരഞ്ഞെടുപ്പ് പൊതുയോഗത്തിൽ സംസാരിക്കും. വൈകിട്ട് ജഗദാൽ നിയമസഭാ മണ്ഡലത്തിലെ ആദ്പൂർ ESD ഗേറ്റിൽ അമിത്ഷാ റോഡ്ഷോയിലും പങ്കെടുക്കും.

തൃണമൂൽ കോൺഗ്രസ് നേതാവും, മുഖ്യമന്ത്രിയുമായ മമതാ ബാനർജി ഭവാനിപൂരിൽ പ്രചാരണത്തിനെത്തും. തൃണമൂൽ കോൺഗ്രസ് ജനറൽ സെക്രട്ടറി അഭിഷേക് ബാനർജി ഹൗറയിലും, ദക്ഷിണ പർഗാനാസിലും റോഡ്ഷോകളിലും പൊതുയോഗങ്ങളിലും പങ്കെടുക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി സംവദിക്കുന്ന പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്തിന്റെ 133-ാമത്തെ അധ്യായം മറ്റന്നാൾ രാവിലെ 11 ന്. ആകാശവാണി, ദൂരദർശൻ, ആകാശവാണി ന്യൂസ് വെബ്സൈറ്റ്, ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പ്, ആകാശവാണി ന്യൂസ്, DD ന്യൂസ്, PMO, വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം എന്നിവയുടെ യൂട്യൂബ് ചാനലുകൾ എന്നിവയിലൂടെ പരിപാടി തത്സമയം കേൾക്കാം

✪✪✪

ശബരിമല സന്നിധാനത്ത് ക്ഷേത്രത്തിന്റെ മുകളിലൂടെ സൈനിക ഹെലികോപ്റ്റർ പറന്നതിനെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ സ്പെഷ്യൽ കമ്മീഷണർ R ജയകൃഷ്ണൻ, ADGP S ശ്രീജിത്തിന് നിർദ്ദേശം നൽകി. ഇന്നലെ രാവിലെ 11 മണിയോടെയാണ് തീരസുരക്ഷാ സേനയുടെ സി.ജി.-821 എന്ന ഹെലികോപ്റ്റർ സന്നിധാനത്ത് കൊടിമരത്തിന് സമീപം താഴ്ന്നുപറന്നത്. അതീവ സുരക്ഷാ മേഖലയിലൂടെ ഹെലികോപ്റ്റർ എത്തിയതിനെ പറ്റി പമ്പ പൊലീസിന് വിവരം ലഭിച്ചിരുന്നില്ല.

അതേസമയം, ഏതെങ്കിലും ഓപ്പറേഷന്റെ ഭാഗമായല്ല ഹെലികോപ്റ്റർ സന്നിധാനത്തിന് മുകളിലൂടെ പറന്നതെന്നും, അന്തരീക്ഷം മേഘാവൃതമായപ്പോൾ ദിശ മാറി സഞ്ചരിച്ച ഹെലികോപ്റ്റർ, റഡാർ സംവിധാനത്തിലായിരുന്നില്ലെന്നും കോസ്റ്റുഗാർഡ് വിശദീകരിച്ചു.

✪✪✪

തൃശൂർ കോടാലിയിൽ പാമ്പുകടിയേറ്റ് എട്ടുവയസ്സുകാരൻ മരിച്ച സംഭവത്തെ തുടർന്ന് വീട്ടിലും പരിസരത്തും ഇന്നും പരിശോധന തുടരുന്നു. വീടിനുള്ളിൽ നിന്ന് ഇന്നലെയും രണ്ട് പാമ്പുകളെ കണ്ടെത്തിയിരുന്നു.

തൃശൂരിൽ നിന്ന് ഭരിത പ്രതാപ്......

............... (വോയ്സ്).........

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റൽ കോളേജ് BDS വിദ്യാർഥി നിതിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ട അധ്യാപകരുടെ മുൻകൂർ ജാമ്യാപേക്ഷയിൽ തലശ്ശേരി അഡീഷണൽ ജില്ലാ കോടതി നാളെ വിധി പറയും.

കോളേജ് പാതോളജി വിഭാഗം മേധാവിയായിരുന്ന ഡോ. എം.കെ.റാം, ഓറൽ പാതോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസരായിരുന്ന ഡോ. സംഗീത നമ്പ്യാർ എന്നിവരാണ് മുൻകൂർ ജാമ്യാപേക്ഷ നൽകിയത്.

✪✪✪

തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജിൽ നാലുവർഷ അണ്ടർ ഗ്രാജുവേറ്റ് പ്രോഗ്രാം വിദ്യാർഥികൾക്കായി ഇന്റേൺഷിപ്പ് ആരംഭിച്ചു. ഉത്തരകേരളത്തിൽ ആദ്യമായാണ് ഗവണ്മെന്റ് കോളജിൽ ഇത്തരത്തിൽ ഇന്റേൺഷിപ്പ് തുടങ്ങുന്നത്.

കണ്ണൂരിൽ നിന്ന് KO ശശിധരൻ.

...........(വോയ്സ്) ....

✪✪✪

ISL ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, FC ഗോവയെ നേരിടും. വൈകീട്ട് അഞ്ചിന് ഗോഹട്ടി ഇന്ദിരാ ഗാന്ധി അത്‌ലറ്റിക് സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

IPL ട്വന്റി 20 ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.

രാത്രി 7.30ന് ബെംഗളൂരു എം ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

തൃശൂർ മുണ്ടത്തിക്കോട് വെടിക്കെട്ട് അപകട സ്ഥലത്ത് കാണാതായവർക്കായി തിരച്ചിൽ തുടരുന്നു. അപകട സ്ഥലത്തുനിന്ന് ഒരു കിലോമീറ്റർ ദൂരെ നിന്ന് ശരീരഭാഗങ്ങൾ കണ്ടെത്തി.

✪✪✪

നെടുമ്പാശ്ശേരി വിമാനത്താവളം വഴി ഹജ്ജ് തീർഥാടനത്തിന് ഈ മാസം 30ന് തുടക്കമാകും. 5,492 സ്ത്രീകളും 2,849 പുരുഷന്മാരുമുൾപ്പെടെ ആകെ 8,341 തീർത്ഥാടകരാണ് ഇത്തവണ നെടുമ്പാശ്ശേരി വഴി യാത്രയാകുന്നത്. ക്യാമ്പിന്

വിപുലമായ സജ്ജീകരണങ്ങൾ പൂർത്തിയായതായി എറണാകുളം ജില്ലാ കലക്ടർ ജി പ്രിയങ്ക അറിയിച്ചു.

വിമാനത്താവളത്തിന് സമീപം 1,200 പേർക്ക് താമസിക്കാൻ സൗകര്യമുള്ള പന്തൽ ഒരുക്കിയിട്ടുണ്ട്. തീർത്ഥാടകർക്കായി KSRTC പ്രത്യേക സർവീസുകൾ നടത്തും.

✪✪✪

---

*News Editor : വി കെ സുരേഷ്*
*& News Reader: സബിത കെ*
*News Team: സയ്യിദ് അലി ശിഹാബ്, മണികണ്ഠൻ*
*DEO : ഷീബ*